**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1714** **16-10-2026-ൽ മറുപടിയ്ക്ക്**

**താനൂർ വെറ്ററിനറി ആശുപത്രിയുടെ സ്ഥലം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** താനൂർ വെറ്ററിനറി ആശുപത്രിയുടെ സ്ഥലം സിവിൽ സ്റ്റേഷന് വേണ്ടി കൈമാറിയത് കാരണം പ്രസ്തുത സ്ഥാപനത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** ടി പ്രശ്നം പരിഹരിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിനു ലഭിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

**മറുപടി:** താനൂർ മൃഗാശുപത്രിയുടേയും താനൂർ സബ്സെന്ററിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തണമെന്നാവശ്യപ്പെട്ട് താനൂർ, കളരിപ്പടി പരിയാപുരം മുക്കോലയിലെ ക്ഷീരകർഷകനായ ശ്രീ. മനോജ് ചെട്ടിയാട്ടിൽ, മുൻ കായിക - ഹജ്ജ്- റയിൽവേ- മത്സ്യന്ധനം-തപാൽ വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ച നിവേദനം അന്നത്തെ ക്ഷീരവികസന/മൃഗസംരക്ഷണ വകുപ്പ് മന്ത്രിയ്ക്ക് കൈമാറുകയും തുടർ നടപടികൾ സ്വീകരിയ്ക്കുന്നതിലേയ്ക്കായി വകുപ്പിന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ടി നിവേദനത്തിന്മേൽ തുടർ നടപടി സ്വീകരിയ്ക്കുന്നതിനായി മലപ്പുറം ജില്ല മൃഗസംരക്ഷണ ആഫീസർക്ക് നൽകുകയും ആയതിൻ പ്രകാരം സിവിൽ സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിട്ടും മൃഗാശുപത്രിയ്ക്ക് കെട്ടിടം അനുവദിക്കാത്തതിനാൽ സിവിൽ സ്റ്റേഷനിൽ ഉള്ള താഴെത്തെ നിലയിൽ ഇപ്പോൾ വിദ്യഭ്യാസ വകുപ്പ് പ്രവർത്തിക്കുന്ന 133 സ്ക്വയർ മീറ്റർ സ്ഥലം ഹോസ്പിറ്റലിനു നൽകുകയോ അല്ലെങ്കിൽ കെട്ടിടത്തിനായി മറ്റൊരു സ്ഥലം മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച് തരികയോ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് മുൻസിപ്പൽ ചെയർപേഴ്സൺ, തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർക്ക് മലപ്പുറം ജില്ല മൃഗസംരക്ഷണ ആഫീസർ അപേക്ഷ

സമർപ്പിച്ചിട്ടുണ്ട്. കൂടാതെ താനൂർ സീനിയർ വെറ്ററിനറി സർജൻ തിരൂർ താലൂക്ക് ആഫീസുമായി നേരിട്ടും കത്തുകളിലൂടെയും ബന്ധപ്പെടുന്നുമുണ്ട്.

**(സി)** ഭൂമി കൈമാറുമ്പോൾ പകരമായി ഭൂമിയും സൗകര്യവും വെറ്ററിനറി ആശുപത്രിക്ക് നൽകുമെന്ന ജില്ലാതല യോഗതീരുമാനം നടപ്പിലാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

**മറുപടി:** സിവിൽ സ്റ്റേഷന്റെ പണി പൂർത്തീകരിച്ചിട്ടും മൃഗാശുപത്രിക്ക് കെട്ടിടം അനുവദിക്കാത്തതിനാൽ സിവിൽ സ്റ്റേഷനിൽ ഉള്ള താഴത്തെ നിലയിൽ ഇപ്പോൾ വിദ്യാഭ്യാസ വകുപ്പ് പ്രവർത്തിക്കുന്ന 133 സ്ക്വയർ മീറ്റർ സ്ഥലം ഹോസ്പിറ്റലിനു നൽകുകയോ അല്ലെങ്കിൽ കെട്ടിടത്തിനായി മറ്റൊരു സ്ഥലം മൃഗസംരക്ഷണ വകുപ്പിന് അനുവദിച്ച് തരികയോ ചെയ്യണമെന്ന് അറിയിച്ചുകൊണ്ട് മുൻസിപ്പൽ ചെയർപേഴ്സൺ, തഹസിൽദാർ, ജില്ലാ കളക്ടർ എന്നിവർക്ക് മലപ്പുറം ജില്ല മൃഗസംരക്ഷണ ആഫീസർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ താനൂർ സീനിയർ വെറ്ററിനറി സർജൻ തിരൂർ താലൂക്ക് ആഫീസുമായി നേരിട്ടും കത്തുകളിലൂടെയും ബന്ധപ്പെടുന്നുമുണ്ട്.

**സെക്ഷൻ ഓഫീസർ**